**21U237** (Pages: 2) Name: ..................................

Reg.No: ..................................

**SECOND SEMESTER B.A. DEGREE EXAMINATION, APRIL 2022**

(CBCSS - UG)

(Regular/Supplementary/Improvement)

**CC19U MAL2 B02 - കഥാസാഹിത്യം**

(Malayalam - Core Course)

(2019 Admission onwards)

Time : 2.5 Hours Maximum : 80 Marks

Credit : 5

**Part A** (Short answer questions)

Answer ***all*** questions. Each question carries 2 marks.

1. മലയാള സാഹിത്യത്തിലെ ആദ്യകാല കഥാകാരികൾ ആരെല്ലാം?
2. "നമുക്കെന്താ രാവും പകലും നോക്കാനുള്ളത് " -സന്ദർഭം?
3. ബഷീർ തന്റെ ജന്മദിനത്തിൽ അത്താഴമുണ്ടതെങ്ങനെ?
4. "പരാർത്ഥത പ്രയോജനം കൂടുന്തോറും ക്രമേണ ഇടുങ്ങിയിടുങ്ങി സ്വാർത്ഥതയിൽ ചെന്നവസാനിക്കുന്നു എന്ന് തോന്നിപ്പോകും അതിലേ നടക്കുമ്പോൾ " - സന്ദർഭം ഏത്?
5. ആധുനികതയുടെ രചനാസമ്പ്രദായം സ്വീകരിച്ച പ്രധാന എഴുത്തുകാർ ആരെല്ലാം?
6. അയാളുടെ സ്നേഹം എങ്ങനെയായിരുന്നു എന്നാണ് തരിശുനിലത്തിലെ നായിക വിലയിരുത്തുന്നത്?
7. കാനഡയിൽനിന്ന് തിരിച്ചുവന്ന അപ്പുവിൽ കണ്ട മാറ്റങ്ങൾ എന്തെല്ലാം?
8. ആരാണ് ബേല ?
9. കറുത്ത ഹാസ്യം എന്നാൽ എന്ത്?
10. എം.മുകുന്ദന്റെ പ്രധാന കഥാസമാഹാരങ്ങൾ ഏതെല്ലം?
11. തിരുവില്വാമലയിൽ നാലുകെട്ട് വാങ്ങുന്നതിനെപ്പററി കുസുമത്തിന്റെ അഭിപ്രായം എന്തായിരുന്നു?
12. ഇക്കോ ഫെമിനിസം എന്നാൽ എന്ത് ?
13. "വെള്ളല്ല്യാതെ ഒന്നിനും വയ്യ , അഴുക്കാ, ഒക്കെ അഴുക്കാ..." സന്ദർഭം ?
14. "ആ ദുഃഖത്തിന്റെ നീര് ഞാനിപ്പോൾ പൊട്ടിക്കാം "ഏതാണ് ആ ദുഃഖം ?

15. ഇട്ടീരയുടെ ശാരീരികമാറ്റത്തിനു കാരണമെന്ത്?

**(Ceiling: 25 Marks)**

**Part B** (Paragraph questions)

Answer ***all*** questions. Each question carries 5 marks.

16. നോവൽ സാഹിത്യവും ചെറുകഥാസാഹിത്യവും തമ്മിലുള്ള വ്യത്യാസമെന്ത്?

17. റിയലിസം എന്നാൽ എന്ത്?

18. ആധുനികതയുടെ സ്വാധീനം ഭാഷയിൽ പ്രതിഫലിച്ചതെങ്ങനെ?

19. അസ്തിത്വവാദത്തിൽ അധിഷ്ഠിതമായ രചനകളുടെ പൊതു സ്വഭാവം എന്ത്?

20. പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ കഥകളുടെ സവിശേഷത എന്ത്?

21. 'തേൻ' എന്ന കഥയിലെ സ്ത്രീ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുക ?

22. ആധുനികാനന്തര കഥകളിലെ ഭാവുകത്വപരിണാമം എസ്. ഹരീഷിന്റെ കഥകളിൽ പ്രകടമാകുന്നതെങ്ങനെ?

23. ശ്രീനാരായണഗുരു ആവിഷ്കരിച്ച പ്രഖ്യാപനങ്ങൾ "മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ" എന്ന കഥയിൽ ആവിഷ്കരിക്കുന്നതെങ്ങനെ?

**(Ceiling: 35 Marks)**

**Part C** (Essay questions)

Answer any ***two*** questions. Each question carries 10 marks.

24. സ്ത്രീയുടെ വിശുദ്ധി കളങ്കപ്പെട്ടാൽ സമുദായത്തിന്റെ കെട്ടുറപ്പ് തന്നെ അപകടത്തിലാകുമെന്ന അയുക്തികമായൊരു വിശ്വാസത്താൽ അംഗീകരിക്കപ്പെട്ടതാണ് പല സമുദായ ബന്ധങ്ങളും - 'വെളുത്തകുഞ്ഞ് ' എന്ന കഥയെ അടിസ്ഥാനമാക്കി ചർച്ച ചെയ്യുക

25. ടി. പത്മനാഭന്റെ 'മഖൻസിങിന്റെ മരണം' എന്ന കഥ മനുഷ്യത്വം നഷ്ടമാകുന്ന ഒരു കാലഘട്ടത്തിന് നൽകുന്ന സന്ദേശമാണ്. വിലയിരുത്തുക.?

26. കറുത്തഹാസ്യം മലയാള ചെറുകഥയിൽ പ്രമേയമാകുന്നത് എങ്ങനെയെല്ലാം?വിശദീകരിക്കുക

27. സാംസ്കാരിക അധിനിവേശം കടന്നുവരുന്ന മലയാളത്തിലെ ചെറുകഥകളെ പരിചയപ്പെടുത്തുക ?

**(2 × 10 = 20 Marks)**

*******